**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5636** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ചുണ്ടായ അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ബോംബ് ഉൾപ്പെടെയുള്ള സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വിശദവിവരം ലഭ്യമാക്കാമോ; | (എ) | 25.05.2016 മുതൽ 30.06.2024 വരെ 26 പേർ മരണപ്പെടുകയും 120 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടെന്നും വിശദവിവരം ലഭ്യമാക്കാമോ? | (സി) | 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 189 പേർക്കെതിരെ കേസെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത 54 കേസുകളിൽ, 17 കേസുകൾ അന്വേഷണാവസ്ഥയിലും 28 കേസുകൾ ബഹു കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണയിൽ ഇരിക്കുന്നതുമാണ്. 2 കേസുകളിലെ പ്രതികൾ മരണപ്പെട്ടുപോയിട്ടുള്ളതും 6 കേസുകൾ UD ആയി തീർപ്പാക്കിയിട്ടുള്ളതും ഒരു കേസ് FAD റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ